പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 658 31.10.2011-ൽ മറുപടിയ്ക്ക്

കില ചൈൽഡ് റിസോഴ്സ് സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. അൻവർ സാദത്ത് | | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | കിലയെ ചൈൽഡ് റിസോഴ്സ് സെന്ററാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | കിലയിൽ യൂനിസെഫിന്റെ സഹായത്തോടെ ചൈൽഡ് റിസോഴ്സ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇതിന് യൂനിസെഫിന്റെ സഹായം ലഭിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | യൂനിസെഫിന്റെ സാമ്പത്തിക-സാങ്കേതിക സഹായത്തോടെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2011 ആഗസ്റ്റ് മുതൽ 2012 ഡിസംബർ വരെയുള്ള കാലത്തേക്ക് 52.93 ലക്ഷം രൂപയാണ് സാമ്പത്തിക സഹായമായി ലഭ്യമായിട്ടുള്ളത്. |
| (സി) | വിവിധ ശിശുക്ഷേമസമിതികൾ ഏകീകരിക്കാനുള്ള കേന്ദ്രമാക്കി കിലയെ മാറ്റുമോ ; | (സി) | കുട്ടികളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ചൈൽഡ് റിസോഴ്സ് സെന്റർ നേതൃത്വം നൽകുന്നതാണ്. ഇതിന്റെ ഭാഗമായി വ്യത്യസ്ത വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സുരക്ഷിതത്വ മിഷൻ, ഓർഫനേജ് കൺട്രോൾ ബോർഡ്, ചൈൽഡ് ലൈൻ, കുടുംബശ്രീ, ബഡ്സ്, ബാലസഭ, സി.ഡബ്ല്യു.ഡി.ആർ.എം., ശുചിത്വ മിഷൻ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, എസ്.എസ്.എ., എൻ.ആർ.എച്ച്.എം., |

നാഷണൽ സർവ്വീസ് സ്കീം, എസ്.ഒ.എസ്. വില്ലേജ്, കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്നീ സ്ഥാപനങ്ങളുമായും കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിവുള്ള അക്കാദമിക് ഗവേഷണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ എന്നിവരുമായും കൂടിയാലോചനകൾ സംഘടിപ്പിക്കുന്നതാണ്. ഇത്തരത്തിലുള്ള കൂടിയാലോചനകൾക്കുള്ള സ്ഥിരം സംവിധാനമെന്ന നിലയിൽ കിലയുടെ നേതൃത്വത്തിൽ പൊതുവേദി (കൺസോർഷ്യം) രൂപീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ? | (ഡി) | കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെയും സ്ഥാപനങ്ങളുടെയും ദ്വിദിന കൂടിയാലോചന 2011 നവംബറിൽ കിലയുടെയും യൂനിസെഫിന്റെയും നേതൃത്വത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ